**ക്രമപ്രശ്നം**

ഓൺ ഡിമാന്റ് വെബ്കാസ്റ്റിംഗ് സംബന്ധിച്ച്

ശ്രീ. കെ. സി. ജോസഫ്: സർ, കഴിഞ്ഞ മാസം 25-ാം തീയതി നിയമസഭയിൽ സി.പി.ഐ. (എം) സംസ്ഥാന സെക്രട്ടറി ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ മകൻ ശ്രീ. ബിനോയ് കോടിയേരി ഉൾപ്പെടുന്ന സാമ്പത്തിക തട്ടിപ്പ് സംബന്ധിച്ച് പ്രതിപക്ഷനേതാവ് ഒരു സബ്മിഷൻ ഉന്നയിച്ചിരുന്നു. സബ്മിഷൻ ഉന്നയിച്ചതിന് ബഹുമാന്യരായ മുഖ്യമന്ത്രിയും നിയമ വകുപ്പുമന്ത്രിയും മറുപടി പറഞ്ഞിരുന്നു. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 306 അനുസരിച്ച് - "The Secretary shall cause to be prepared a full report of the proceedings of the Assembly at each of its meetings, and shall, as soon as practicable, publish it in such form and manner as the Speaker may, from time to time, direct."- 25-ാം തീയതിയാണ് സബ്മിഷൻ ഉന്നയിച്ചത്. ഇന്ന് അഞ്ച് ദിവസം ആകുന്നു. ഇതുവരെ നിയമസഭയുടെ വെബ്സൈറ്റിൽ, വീഡിയോ ഓൺ ഡിമാന്റിൽ പ്രസ്തുത സബ്മിഷനോ മറുപടിയോ പ്രസിദ്ധീകരിച്ചതായി

കാണുന്നില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെപ്പോലെ ഉത്തരവാദപ്പെട്ട ഒരാൾ ഉന്നയിക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുകയും ചെയ്ത വിഷയം എന്തുകൊണ്ടാണ് നിയമസഭയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാത്തത്? ഇതുസംബന്ധിച്ച് ദയവായി അങ്ങ് അന്വേഷിക്കുകയും എത്രയും വേഗം നിയമസഭയുടെ വെബ്സൈറ്റിൽ വീഡിയോ ഓൺ ഡിമാന്റിൽ പ്രസിദ്ധീകരിക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണം.

<u>മി. സ്പീക്കർ</u> : വീഡിയോ ഓൺ ഡിമാന്റിൽ പ്രസിദ്ധീകരിക്കുന്നതു സംബന്ധിച്ച് ശ്രീ. കെ. സി. ജോസഫ് ഉന്നയിച്ച കാര്യത്തെ സംബന്ധിച്ച് ചെറിയൊരു വിശദീകരണം നൽകാം.

2018 ജനുവരി 25-ാം തീയതി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സഭയിൽ ഉന്നയിച്ച സബ്മിഷനിലെ ചില പരാമർശങ്ങൾ സഭാനടപടികളിൽനിന്ന് നീക്കം ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ഏതാനും ചില അംഗങ്ങൾ ചെയറിന് കത്ത് നൽകിയിട്ടുണ്ട്. പൊതുവിൽ ഇക്കാര്യങ്ങളെല്ലാം പരിശോധിച്ചുകൊണ്ട് ഈ വിഷയത്തിൽ തീരുമാനമെടുക്കുകയാണ് സാധാരണഗതിയിൽ ചെയ്യാറുള്ളത്. ഇപ്പോൾ ആ ഭാഗങ്ങളെല്ലാം ഫോൾഡ് ചെയ്തിരിക്കുകയാണ്. പരിശോധനയ്ക്കുശേഷം നീക്കം

ചെയ്യേണ്ടതുണ്ടോയെന്ന് തീരുമാനിച്ചതിനുശേഷമേ ഓൺ ഡിമാന്റിൽ നൽകാൻ സാധിക്കുകയുള്ളൂ. അത് സാധാരണഗതിയിൽ ചെയ്തുകൊണ്ടിരിക്കുന്ന കാര്യമാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ആ സബ്മിഷനിൽ ഞാൻ അപകീർത്തികരമായി യാതൊന്നും പരാമർശിച്ചിട്ടില്ല. സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറിയുടെ മകനെതിരായി കേരളത്തിലെ എല്ലാ മാധ്യമങ്ങളിലും വന്ന സംഭവം സഭയുടെ ശ്രദ്ധയിൽ ചൂണ്ടിക്കാണിക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന് മറുപടി പറയുകയും ചെയ്തു. ഞാൻ അപകീർത്തികരമായി യാതൊന്നും സഭയിൽ പറഞ്ഞിട്ടില്ല.

മി. സ്പീക്കർ: അങ്ങേയ്ക്ക് സംസാരിക്കാൻ അവകാശമുള്ളതുപോലെതന്നെ ഈ സഭയിലെ മറ്റ് അംഗങ്ങൾക്ക് അവരുടെ ആവശ്യം എഴുതി നൽകാൻ അവകാശമുണ്ട്.

ശ്രീ. കെ. സി. ജോസഫ് : സഭയിൽ ആരും ഉന്നയിച്ചിട്ടില്ല.

മി. സ്പീക്കർ : രേഖാമൂലം ചെയറിന് എഴുതി നൽകിയിട്ടുണ്ട്. അതൊക്കെ പതിവുള്ള കാര്യങ്ങളാണ്. സഭാനടപടികളിൽനിന്ന് നീക്കം ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ഒരു കത്ത് ചെയറിന് കിട്ടിയാൽ അത്

പരിശോധിക്കുന്നതിന് നടപടിക്രമമുണ്ട്. പരിശോധിച്ച് ആവശ്യമായ തീരുമാനമെടുക്കുന്ന മുറയ്ക്ക് അത് ടെലികാസ്റ്റ് ചെയ്യും.

ശ്രീ. കെ. സി. ജോസഫ് : .....(മൈക്ക് ഓഫ്)....

മി. സ്പീക്കർ: സഭയിൽ ഉന്നയിക്കുകയോ ചെയറിന് എഴുതിനൽകുകയോ ചെയ്യാം.

ശ്രീ. കെ. സി. ജോസഫ് : ഇത് തെറ്റായ കീഴ്വഴക്കമാണ്.

മി. സ്പീക്കർ : ശ്രീ. കെ. സി. ജോസഫ്, അങ്ങേയ്ക്ക് അറിയാവുന്നതാണ് ഇതെല്ലാം. ...... പ്ലീസ് ..... പ്ലീസ്.......

(മേശപ്പുറത്തുവച്ച കടലാസുകൾ)